**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6500** **10-11-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും അവ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ഉദ്യോഗസ്ഥരിൽ ചിലർ റൂട്ട് മാപ്പ്, ലൊക്കേഷൻ സ്കെച്ച്, തണ്ടപ്പേർ തുടങ്ങിയ സർട്ടിഫിക്കറ്റുകൾ നൽകുവാൻ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ചില വില്ലേജ് ഓഫീസുകളെ സംബന്ധിച്ച് ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ലൊക്കേഷൻ സ്കെച്ച്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ പകർപ്പ് എന്നിവ ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുന്ന മുറക്ക് ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും. |
| (ബി) | അത്തരം ഉദ്യോഗസ്ഥരെ നിരീക്ഷിക്കുന്നതിനും അവർക്കെതിരെ നടപടി എടുക്കുന്നതിനും തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പരിശോധനയുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ നിയമാനുസൃതമായ അച്ചടക്കനടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (സി) | അപേക്ഷ നൽകിക്കഴിഞ്ഞാൽ വസ്തുവിന് തണ്ടപ്പേർ ലഭിക്കുന്നതിനുള്ള കാലാവധി എത്ര ദിവസമാണ്; | (സി) | പോക്കുവരവ് ചെയ്ത് തണ്ടപ്പേർ നൽകുന്നതിന് (സബ്ഡിവിഷൻ ഇല്ലാത്ത കേസുകളിൽ) മറ്റ് നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ല എങ്കിൽ 40 ദിവസത്തിനകം നടപടി തീർപ്പാക്കേണ്ടതാണ്. പോക്കുവരവ് സബ്ഡിവിഷൻ നടപടികൾ ഉള്ള കേസുകളിൽ നടപടി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ്. |
| (ഡി) | വില്ലേജിൽ നിന്നും ലഭിക്കേണ്ട മറ്റ് സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണ്; അപേക്ഷ നൽകി കഴിഞ്ഞാൽ അവ ലഭിക്കേണ്ട പരമാവധി ദിവസം വേർതിരിച്ച് വ്യക്തമാക്കാമോ? | (ഡി) | ലാൻഡ് റവന്യൂ മാന്വൽ വാല്യം VI ലെ 216-ാം ഖണ്ഡിക പ്രകാരം വില്ലേജ് ഓഫീസർമാർ അനുവദിക്കുന്ന സാക്ഷ്യപത്രങ്ങളുടെ വിവരവും സർട്ടിഫിക്കറ്റ് നൽകേണ്ട സമയപരിധിയും നിശ്ചയിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | വില്ലേജ് ഓഫീസർമാർ അനുവദിക്കുന്ന സർട്ടിഫിക്കറ്റിന്റെ പേര് | സർട്ടിഫിക്കറ്റ് നൽകേണ്ട സമയപരിധി |
|---|---|---|
| 1 | കൈവശ സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |
| 2 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 3 | ലൊക്കേഷൻ മാപ്പ് | 5 ദിവസത്തിനകം |
| 4 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് | 15 ദിവസത്തിനകം |
| 5 | സോൾവൻസി സർട്ടിഫിക്കറ്റ് | 15 ദിവസത്തിനകം |
| 6 | പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |
| 7 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 8 | ഡൊമിസൈൽ സർട്ടിഫിക്കറ്റ് | 3 ദിവസത്തിനകം |
| 9 | സ്ഥിരതാമസ സർട്ടിഫിക്കറ്റ് | 3 ദിവസത്തിനകം |
| 10 | One and the same Certificate | 5 ദിവസത്തിനകം |
| 11 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 12 | ലൈഫ് | 5 ദിവസത്തിനകം |

| | | |
|---|---|---|
| | സർട്ടിഫിക്കറ്റ് | |
| 13 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 14 | വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 15 | കുടുംബാംഗ സർട്ടിഫിക്കറ്റ് | 6 ദിവസത്തിനകം |
| 16 | ആശ്രിത സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |
| 17 | അഗതി സർട്ടിഫിക്കറ്റ് | 5 ദിവസത്തിനകം |
| 18 | ജാതി സർട്ടിഫിക്കറ്റ് (OBC, OEC, SEBC, General) | സംശയം ഇല്ലാത്ത കേസുകളിൽ 3 ദിവസത്തിനകം |
| 19 | വരുമാന സർട്ടിഫിക്കറ്റ് | 6 ദിവസത്തിനകം |
| 20 | നോൺക്രിമിലെയർ സർട്ടിഫിക്കറ്റ് | 7 ദിവസത്തിനകം |